(ബി) ഉണ്ടെങ്കിൽ ഈ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോഴ്സുകൾ ഈ കൗൺസിലിനു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. എ. അച്യുതൻ ചെയർമാനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത സമിതി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ 'സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ, കേരള (SCOLE, Kerala)' എന്ന പേരിൽ ഒരു സ്വതന്ത്ര സ്ഥാപനമാക്കി പരിഷ്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള SCOLE, Kerala-യുടെ MOA-യുടെയും Rules & Regulations-ന്റെയും പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഡോ. എ. അച്യുതൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിലെ സംക്ഷിപ്ത വിവരം അടങ്ങുന്ന രേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. തൊഴിൽ സാധ്യതയുള്ള സാങ്കേതിക കോഴ്സുകൾ ഓപ്പൺ സ്കൂളിന്റെ കീഴിൽ തുടങ്ങുന്നതിന്റെ മുന്നോടിയായി ഈ അദ്ധ്യയന വർഷം മുതൽ ഡി.സി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റൂസ

1 (1037) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം ഇവ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റൂസ പദ്ധതി നടപ്പാക്കാമെന്നും ഇതിനാവശ്യമായ ഉപാധികൾ നിറവേറ്റിക്കൊള്ളാമെന്നും റൂസ മിഷൻ അതോറിറ്റിയുടെയും പ്രോജക്ട് അപ്രൂവൽ ബോർഡിന്റെയും തീരുമാനങ്ങൾ പാലിച്ചുകൊള്ളാമെന്നും ഉറപ്പ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) നിലവിലുള്ള 19.4%-ത്തിൽനിന്നും XIII-ാം പദ്ധതിയുടെ അവസാനം 32% ആക്കി ഉയർത്തുന്നതും ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA)" . XII, XIII പദ്ധതി കാലയളവിലേക്കാണ് റൂസ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് സമ്മതപത്രം കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. റൂസ ധനസഹായത്തിനുള്ള ദീർഘകാല പദ്ധതി/വാർഷിക പദ്ധതി തയ്യാറാക്കേണ്ടത് ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വന്തം സ്ഥാപനത്തിന്റെ പദ്ധതികൾ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമർപ്പിക്കണം. ഈ പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സഹായിക്കുന്നതിന് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിക്കണം. സംസ്ഥാനത്ത് ഈ ടെക്നിക്കൽ ഗ്രൂപ്പിനെ സഹായിക്കുന്നതിന് സയൻസ്, കോമേഴ്സ് & മാനേജ്മെന്റ്, ആർട്സ് & സോഷ്യൽ സയൻസ്, എഞ്ചിനീയറിംഗ്, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിലായി വിദഗ്ദ്ധരുടെ പാനലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി സംസ്ഥാന തലത്തിൽ നിരീക്ഷിക്കുന്നതും വിലയിരുത്തുന്നതും സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ് ആയിരിക്കും. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 65:35 അനുപാതത്തിലായിരിക്കും. സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കേണ്ടതും 50% തുല്യ വിഹിതം വഹിക്കേണ്ടതുമാണ്. റൂസയുടെ ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി, കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റ്റസയ്ക്കുവേണ്ടി കാനറാ ബാങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം റിലീസ് ചെയ്യുന്ന തുക സംസ്ഥാന വിഹിതത്തോടൊപ്പം ഈ അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്.

പുതുതായി കോളേജുകൾ

2 (1038) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച കോളേജുകൾ ഇനിയും ആരംഭിക്കാത്തത് ഏതെങ്കിലും ഉണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2014-15-ൽ കോങ്ങോട് നിയോജകമണ്ഡലത്തിലനുവദിച്ചിട്ടുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജ്, യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാത്തതിനാൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതുകൂടാതെ 2014-15-ൽ മലപ്പുറത്ത് അനുവദിച്ചിട്ടുള്ള സർക്കാർ വനിത ആർട്സ് & സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ

3 (1039) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല അടച്ചുപൂട്ടിയ ബി.എഡ്. സെന്ററുകൾ തുടർന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;